പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.514 — 29-06-2011-ൽ മറുപടിയ്ക്ക്

## ജീവൻ രക്ഷാമരുന്നുകളുടെ വില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ഹൃദയ ശസ്ത്രക്രിയയ്ക്കും മാരകമായ ക്യാൻസർരോഗത്തിനും ഉപയോഗിക്കുന്നതടക്കമുള്ള പല ജീവൻ രക്ഷാമരുന്നുകൾക്കും ചില ഡോക്ടർമാരും ഏജന്റുമാരും ചേർന്ന് ഭീമമായ തുക രോഗികളിൽ നിന്ന് ഈടാക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നുവെന്നറിയിക്കുമോ ; | (ബി) ബന്ധപ്പെട്ട വിഷയത്തിൽ വിവരം ലഭിച്ചതിനെ തുടർന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ അന്വേഷണം നടത്തുകയും, ചുവടെ പരാമർശിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>(1) രഹസ്യവിവരം ലഭിച്ചതിനെ തുടർന്ന് കോഴിക്കോട് നഗരത്തിലുള്ള കാലിക്കറ്റ് ടവർ എന്ന ഹോട്ടലിൽ വകുപ്പ് ഉദ്യോഗസ്ഥർ NOVONORDISK എന്ന കമ്പനിയുടെ ഏജന്റിന്റെ പക്കൽ നിന്ന് ഏകദേശം 3 ലക്ഷം രൂപ വില വരുന്ന NOVO - 7, NORDILETT എന്നീ മരുന്നുകൾ മതിയായ രേഖകളില്ലാതെ, അനധികൃതമായി, ഡോക്ടർമാർ മുഖേന നേരിട്ട് രോഗികൾക്ക് എത്തിക്കാൻ ശ്രമിച്ചത് കണ്ടുപിടിച്ചു. തുടർന്ന് ഈ മരുന്നുകൾ കണ്ടുകെട്ടുകയും കുറ്റം ചെയ്തവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>(2) വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ഉപയോഗിക്കുന്ന മരുന്നുകൾ വില്പന നടത്തിയിരുന്ന കോഴിക്കോട് മെഡിക്കൽ കോളേജ് |

| | |
|---|---|
| | പരിസരത്തെ ഒരു വീട് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി അവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(3) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഹൃദയശസ്ത്രക്രിയയ്ക്കുള്ള മരുന്നുകൾ നൽകുന്നതുമായി ബന്ധപ്പെട്ട നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയിരുന്ന സ്പെഷ്യാലിറ്റി സർജിക്കൽ ആന്റ് മെഡിക്കൽസ് എന്ന സ്ഥാപനത്തിനെതിരെ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുകയുണ്ടായി. |
| (സി) രോഗികളിൽനിന്നും ഭീമമായ തുക ഈടാക്കുന്ന ഡോക്ടർമാരെക്കുറിച്ചും അവരുടെ സ്വത്ത് വിവരങ്ങളെക്കുറിച്ചും സംസ്ഥാന സ്പെഷ്യൽബ്രാഞ്ച് ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; റിപ്പോർട്ടിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;<br>(ഡി) ഇല്ലെങ്കിൽ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) യും (ഡി) യും ആരോഗ്യ വകുപ്പിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ.